(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി നിത്യേന കർശന വാഹനപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓവർസ്പീഡ്, ഓവർലോഡ്, ലൈസൻസ് ഇല്ലാതെയുള്ള വാഹനം ഓടിക്കൽ, അശ്രദ്ധമായ് വാഹനം ഓടിക്കൽ എന്നിവ കണ്ടെത്തി കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

53 [827] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 23-9-2003-ൽ നിലവിൽവന്ന കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ നിയമനത്തിനുള്ള പി. എസ്. സി.യുടെ റാങ്ക്ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ ഒഴിവുള്ള വേക്കൻസികൾ പി. എസ്. സി.യെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടും യഥാസമയം ഒഴിവുകൾ ബന്ധപ്പെട്ടവർ പി. എസ്. സി.യെ അറിയിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത ലിസ്റ്റിൽനിന്നും 340 പേർക്ക് നിയമനം നൽകി.

(ബി, സി) ഈ തസ്തികയിലുള്ള ഒഴിവുകൾ യഥാസമയം പി. എസ്. സി.യെ അറിയിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥതലത്തിൽ വർദ്ധിച്ചുവരുന്ന അഴിമതി

54 [828] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥതലത്തിൽ വർദ്ധിച്ചുവരുന്ന അഴിമതിയും ക്രമക്കേടും തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഉദ്യോഗസ്ഥ തലത്തിൽ അഴിമതി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly